IV. സബ്മിഷൻ

(1) സഹകരണമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, സംസ്ഥാനത്തെ ഗ്രാമീണ സമ്പദ്ഘടനയ്ക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്നതാണ് ക്രെഡിറ്റ് മേഖലയിലെ 1362 സഹകരണ സംഘങ്ങൾ. 2003 മാർച്ചിലെ കണക്കു പ്രകാരം 62 ശതമാനം സംഘങ്ങളും നഷ്ടത്തിലാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ കേവലം 20 ശതമാനം മാത്രമേയുള്ളൂ. ലാഭമാകട്ടെ കേവലം 22 കോടി രൂപയേ ഉള്ളൂ. സഹകരണസംഘങ്ങൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം സർക്കാർ പദ്ധതികൾ നടപ്പാക്കുന്നതുമൂലം സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയാണ് നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, വൺടൈം സെറ്റിൽമെന്റ്, കർഷകർക്കുള്ള പലിശ ആനുകൂല്യം, കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ സർക്കാരിനുവേണ്ടി സംഘങ്ങൾ നടപ്പാക്കുകയാണ്. പദ്ധതികൾ ആവിഷ്ക്കരിക്കുന്ന ഘട്ടത്തിൽ ഹാൻഡ്ലിംഗ് ചാർജ്ജ് ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം സംഘങ്ങൾക്ക് നൽകുമെന്ന് പറയാറുണ്ടെങ്കിലും പലപ്പോഴും കൃത്യസമയത്ത് അത് നൽകാറില്ല. സർക്കാർ പദ്ധതികളുടെ സാമ്പത്തിക ബാദ്ധ്യത സംഘങ്ങൾ തനിച്ച് ഏറ്റെടുക്കേണ്ടി വരുന്നു. കാർഷികവായ്പകൾ കൃത്യമായി അടയ്ക്കുന്നതിനുള്ള 5 ശതമാനം പ്രൊഡക്ഷൻ ഇൻസെന്റീവ് വർഷങ്ങളായി സംഘങ്ങൾക്ക് നൽകിയിട്ടില്ല. കർഷകരുടെ ആത്മഹത്യ പെരുകിയ വയനാട്ടിൽ പോലും ഇതുതന്നെയാണ് സ്ഥിതി. വയനാട് ജില്ലയിൽ ഒരു വർഷം മുമ്പ് സർക്കാർ പ്രഖ്യാപിച്ച സമാശ്വാസ പദ്ധതിയിനത്തിലുള്ള 57 കോടി രൂപ സംഘങ്ങൾക്ക് നൽകാനുണ്ട്. സുനാമി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ നഷ്ടത്തിലുള്ള സംഘങ്ങൾ പോലും സാമൂഹിക പ്രതിബദ്ധത ഏറ്റെടുത്ത് സർക്കാരിലേക്ക് സാമ്പത്തിക സഹായം നൽകുകയാണ്. എന്നാൽ സുനാമിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സഹകരണസംഘങ്ങളെ രക്ഷിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കമ്പ്യൂട്ടർവൽക്കരണത്തിനുള്ള എൻ. സി. ഡി. സി. ധനസഹായം പോലും രണ്ടുമൂന്ന് വർഷങ്ങളായി നൽകിയിട്ടില്ല. 2001-ൽ 18.6 ശതമാനമാണ് വായ്പ കുടിശ്ശിക നിലവാരമെങ്കിൽ 2003-ൽ അത് 28 ശതമാനമായി ഉയർന്നു. തിരിച്ചടവും കുറഞ്ഞുവരികയാണ്. ഇങ്ങനെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്ന സഹകരണ സംഘങ്ങളെ സഹായിക്കാൻ ഒരു പ്രത്യേക സാമ്പത്തിക സഹായ പദ്ധതി സർക്കാർ തയ്യാറാക്കണം. ഇല്ലെങ്കിൽ വിവിധ പ്രാഥമിക സഹകരണസംഘങ്ങൾ വായ്പപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് വരും. സാമ്പത്തിക ബാദ്ധ്യതയുടെ ഒരു പങ്ക് ചില സംസ്ഥാന സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾക്ക് വഹിക്കാൻ കഴിയും. അതിന് സർക്കാർ നടപടിയുണ്ടാക്കണം. 100 കോടി രൂപ ആസ്തിയുള്ള ജീവനക്കാരുടെ ക്ഷേമനിധിബോർഡും 300 കോടി രൂപ ആസ്തിയുള്ള പെൻഷൻ ബോർഡും കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. ജീവനക്കാരിൽ നിന്ന് പിരിച്ചെടുത്ത പണം പരിയാരം മെഡിക്കൽ കോളേജിന് തിരിച്ചുകിട്ടാത്ത ഓഹരിയായി കൊടുത്തിരിക്കുകയാണ്. ആ നടപടി തുടർന്നു കൂടാ. കൊടുത്ത തുക ഡെപ്പോസിറ്റാക്കി തിരിച്ചു വാങ്ങണം. നബാർഡിന്റെ റീഫൈനാൻസിംഗ് ഗ്രാമീണ മേഖലയെ സഹായിക്കുന്ന വിധത്തിലല്ല. ആർ. ഐ. ഡി. എഫ്. പദ്ധതിയിലാണ് നബാർഡ് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നത്. സഹകരണമേഖലയ്ക്ക് പണം നൽകുന്നതിന് നബാർഡിന് താല്പര്യം കാണുന്നില്ല. അക്കാര്യത്തിൽ സർക്കാർ ഇടപെടണം. ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി ചെയ്യുന്നതിനായി വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് നൽകിയിരിക്കുകയാണ്. ഈ റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട ഭേദഗതി വരികയാണെങ്കിൽ സഹകരണബാങ്കുകളെ ആകെ തകർക്കുന്ന രീതിയിൽ കാര്യങ്ങൾ എത്തും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കാനുള്ളത് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കാനും സഹായിക്കാനുമുള്ള വ്യക്തമായ പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കണമെന്നാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)*: സർ, നിരവധി വർഷങ്ങളായി സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ നല്ലൊരു ശതമാനം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ആ നഷ്ടത്തിനു കാരണം സർക്കാർ നടപ്പിൽ വരുത്തുന്ന പദ്ധതികൾ ഏറ്റെടുത്തതുകൊണ്ടു മാത്രമല്ല. പ്രൈമറി ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പറും അവരോട് പറയണം. പ്രൈമറി സർവ്വീസ് ബാങ്ക് എന്നുപറഞ്ഞാൽ പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്ക് പി. എ. സി. എസ്. എന്ന പേര് വയ്ക്കുന്നതിനെതിരായി പേര് മാറ്റണമെന്ന് റിസർവ് ബാങ്ക് രണ്ടുമൂന്നു കൊല്ലമായി സമ്മർദ്ദം ചെലുത്തുകയാണ്. ആ കടന്നാക്രമണത്തെ നമുക്ക് ചെറുക്കണം. കാരണം ധാരാളം ഡെപ്പോസിറ്റ് പ്രൈമറി ബാങ്കുകളിലുള്ളതുകൊണ്ടാണ് കാർഷിക കടത്തിനു പുറമേ ബാങ്കിംഗ് ബിസ്സിനസ് കൂടി നടത്തുന്നതെന്ന് റിസർവ് ബാങ്കിനെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കണം. പക്ഷേ വളരെ തുച്ഛമായ കാർഷിക കടം മാത്രമേ കൊടുക്കൂ. പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേര് ബാങ്ക് എന്നാക്കി മാറ്റിയപ്പോൾ റിസർവ് ബാങ്കിന്റെ ശാഖയാണെന്ന തെറ്റിദ്ധാരണയുണ്ടെങ്കിൽ തിരുത്തണം. കൃഷിക്കാർക്ക് കടം കൊടുക്കണം. കൃഷിക്കാർക്ക് കടം കൊടുക്കുന്നില്ല എന്ന നബാർഡിന്റെ ആറ്റിറ്റ്യൂഡ് മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ട്രഷറിയിൽ പണം അടച്ചതുകൊണ്ട് അവർ വായ്പ നിർത്തലാക്കി. ഗഡുക്കളായി അടച്ചുതീർക്കാൻ ശ്രമിച്ചതിന്റേയും കേന്ദ്ര ധനകാര്യ മന്ത്രിയുമായി ചർച്ച നടത്തിയതിന്റേയും ഫലമായി കാർഷിക വായ്പ കൊടുക്കാൻ നബാർഡ് 400 കോടി രൂപ ഇക്കൊല്ലം അനുവദിച്ചു. കാർഷിക വായ്പ കൊടുക്കാൻ പ്രൈമറി ബാങ്കുകൾക്ക് യാതൊരു താല്പര്യവുമില്ല. അത് അവരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. കാർഷിക വായ്പ കൊടുക്കുന്നില്ല എന്നുമാത്രമല്ല ഈ ദുരിതത്തിന്റെ കാലഘട്ടത്തിൽ കൃഷിക്കാർക്ക് പുനർ വായ്പ കൊടുക്കാൻ ആ പണം ഉപയോഗിക്കാമെന്ന് പറഞ്ഞ് 400 കോടി രൂപ അലോട്ട് ചെയ്തിട്ട് 100 കോടി രൂപയേ ചെലവാക്കിയിട്ടുള്ളൂ. ഗവണ്മെന്റിന്റെ ചില പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടില്ല എന്ന് ഞാൻ പറയുന്നില്ല; ബുദ്ധിമുട്ടുണ്ട്. പക്ഷേ ഗവണ്മെന്റിന്റെ പദ്ധതികൾ നടപ്പിൽ വരുത്താതിരിക്കാൻ പറ്റുമോ? ഇപ്പോൾത്തന്നെ പി. എ. സി. എസ്.-ന് വരൾച്ചയെ തുടർന്ന് പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡിയായി ഏതാണ്ട് 193 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. അതിനുവേണ്ടി 25 കോടി രൂപയുടെ അലോട്ടുമെന്റ് കിട്ടിയിട്ടുണ്ട്. ബാക്കി തുകയും വേഗം കൊടുക്കാൻ ഗവണ്മെന്റ് ഏർപ്പാട് ചെയ്യണം. കൃഷിക്കാരെ സഹായിക്കുന്ന അത്തരം കാര്യങ്ങൾ സംഘങ്ങൾ ശ്രദ്ധിക്കേണ്ടേ പൊന്ന് വായ്പ കൊടുക്കുന്നതും പിഴപ്പലിശ പിരിക്കുന്നതുമാണോ അവരുടെ ജോലി എന്ന് യാഥാർത്ഥ്യബോധത്തോടുകൂടി ആലോചിക്കണം. അവരെ അത് ബോദ്ധ്യപ്പെടുത്തണം. പലിശ കൊടുക്കുന്നത് മാത്രമല്ല പ്രശ്നം വൺടൈം സെറ്റിൽമെന്റിന് എതിരാണ്. എന്തിനാണ് വൺടൈം സെറ്റിൽമെന്റിനെ എതിർക്കുന്നത്? ഓവർ ഡ്യൂ കൂടി എന്ന് ശ്രീ. എം. വി. ജയരാജൻ തന്നെ പറയുന്നു. പക്ഷേ വൺടൈം സെറ്റിൽമെന്റുകൊണ്ട് ഓവർ ഡ്യൂ കുറഞ്ഞില്ലേ? 1200 കോടി രൂപയുടെ ഡെഡ് മണി പിരിഞ്ഞുകിട്ടി. അത് ചെറിയ കാര്യമാണോ? കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരു എഫർട്ട് കൊണ്ട് ഇത്രയും തുക പിരിച്ചെടുത്ത കാലം ഉണ്ടായിട്ടുണ്ടോ? അതിനേയും എതിർക്കുന്നു. ഇത് ആർക്കുവേണ്ടിയാണ്? പ്രൈമറി ബാങ്കുകൾ ബ്ലേഡ് കമ്പനികളല്ല. അവരുടെ ചെലവ് കുറച്ച് നഷ്ടം കുറയ്ക്കാൻ ശ്രമിക്കണം. സംഘങ്ങൾക്ക് 1200 കോടി രൂപ പിരിഞ്ഞുകിട്ടുമ്പോൾ 140 കോടി രൂപ പലിശയും പിഴപ്പലിശയുമെന്ന് പറഞ്ഞ് ബ്ലേഡ് കമ്പനിക്കാർ വാങ്ങുന്നതിനേക്കാൾ പലിശ കുറഞ്ഞു പോയതിലാണ് ചിലർക്ക് ദുഃഖം. ആ ദുഃഖം അകറ്റാൻ ഇവിടെ ഇത് ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ തന്നെ അവരുമായി ചർച്ച ചെയ്യണം. ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സംഘങ്ങൾക്ക് കൊടുക്കാനുള്ള പണം കൊടുത്തു തീർത്തില്ലെങ്കിൽ സംഘം പൂട്ടും, പൂട്ടിയാൽ ആർക്കും പണം കടമായി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുകയില്ലെന്നുള്ള കാര്യം മനസ്സിലാക്കണം. വെറുതെ രാഷ്ട്രീയം പറഞ്ഞ് തലപുകഞ്ഞ് ആലോചിക്കേണ്ട എന്നുമാത്രമേ ഞാൻ അതിനെപ്പറ്റി പറയുന്നുള്ളൂ. 400 കോടി രൂപ പുനർവായ്പ കിട്ടിയിട്ടുണ്ട്. അത് കൊടുത്തുതീർക്കാൻ സംഘങ്ങളോട് പറയണം. അതുപോലെ സംസ്ഥാന ബാങ്ക് 75 കോടിയോളം രൂപ പുനർ വായ്പയ്ക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. കാർഷിക വായ്പ 8.5 ശതമാനത്തിന് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിർദ്ദേശം. പുനർ വായ്പ കൊടുക്കാൻ 8.5 ശതമാനത്തിന് റീഫൈനാൻസ് ചെയ്യുന്നുണ്ട്. പ്രൈമറി ബാങ്കിന് ഒരു ശതമാനം മാർജിനുണ്ട്. ആ മാർജിനില്ലാതെ സ്റ്റേറ്റ് ബാങ്കുകളും ഡിസ്ട്രിക്ട് ബാങ്കുകളും കൊടുക്കണമെന്നാണ് പറഞ്ഞത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കാർഷിക സർവ്വീസ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം അവർ കൊടുക്കുന്ന ഡെപ്പോസിറ്റുകളുടെ പലിശ ജില്ലാ ബാങ്കുകളിൽ നിന്നും കിട്ടുകയില്ല എന്നതാണ്. അത് ഗൗരവതരമായ ഒരു പ്രശ്നമാണ്. അതിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സെൻട്രൽ ബാങ്കിന്റെ കോൺഫറൻസ് വിളിച്ചുചേർത്ത് പ്രൈമറി ബാങ്കുകൾ കൊടുക്കുന്ന പലിശതന്നെ ജില്ലാ ബാങ്കുകൾ കൊടുക്കണമെന്നുള്ള തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. എത്രയോ കാലമായി പ്രൈമറി ബാങ്കുകൾക്ക് കിട്ടുന്ന പലിശ അവർക്ക് കിട്ടുന്നില്ല. മറ്റുള്ളവർക്ക് ലാഭം കൂടും, ഇവർക്ക് കുറയും. ആ ലാഭം കിട്ടുന്നത് പ്രൈമറി ബാങ്കുകളെ ഒരു തരത്തിൽ ചൂഷണം ചെയ്യുകയാണ്. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറയുകയാണെങ്കിൽ അവർ 53 ലക്ഷം രൂപയുടെ ഷെയർ എടുത്തിട്ടുണ്ട്. അത് എപ്പോൾ വേണമെങ്കിലും തിരിച്ചു കൊടുക്കാമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

(2) ചമ്പക്കുളം നദിയുടെ പടിഞ്ഞാറേക്കരയിൽ സ്ഥിരം പവലിയനും ഗ്യാലറിയും നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. ഡി. സുഗതൻ: സർ, പ്രശസ്തമായ ചമ്പക്കുളം വള്ളംകളി പമ്പയാറിൽ ചമ്പക്കുളം ഭാഗത്ത് നെടുമുടി പഞ്ചായത്തിലെ എന്റെ നിയോജകമണ്ഡലത്തിൽ വച്ചാണ് നടക്കുന്നത്. ഈ വള്ളംകളി ആരംഭിച്ചിട്ട് 500 വർഷത്തിലേറെയായി. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പ്രതിഷ്ഠയുമായി ബന്ധപ്പെട്ട് 1410-ലാണ് ഇത് ആരംഭിച്ചത്. ഇന്നത്തെ അമ്പലപ്പുഴ പണ്ട് ചെമ്പകശ്ശേരിയായിരുന്നു. ദേവനാരായണൻ നമ്പൂതിരിയാണ് അന്ന് അവിടെ ഭരിച്ചിരുന്നത്. ആ കാലത്ത് വില്വമംഗലം സ്വാമിയാർ ഇപ്പോൾ ക്ഷേത്രമിരിക്കുന്ന സ്ഥലത്ത് ഭഗവാന്റെ സാന്നിദ്ധ്യം കണ്ടെത്തുകയും കുറിച്ചിയിൽ നിന്ന് ഒരു ശ്രീകൃഷ്ണ വിഗ്രഹം ഇവിടെ കൊണ്ടുവരണമെന്ന് വിധിക്കുകയും ചെയ്തു. അങ്ങനെ പ്രസ്തുത വിഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly